വർദ്ധിപ്പിച്ചു. അതും മുപ്പതുമീറ്റർ നീളത്തിലേ കൊടുക്കുകയുള്ളു. അതു കഴിഞ്ഞ് വർദ്ധിപ്പിക്കുന്ന ഓരോ മീറ്ററിനും 10 രൂപവച്ച് കൂടുതൽ ചാർജ് വസൂലാക്കാൻ ശ്രമിക്കുകയാണ്. മുമ്പ്. പി. എച്ച്. ഇ. ഡി. വെള്ളം വിതരണം നടത്തിയിരുന്നപ്പോഴും ഫ്രീ അലവൻസ് അനുവദിച്ചിരുന്നു. ആ ഫ്രീ അലവൻസ് ഇപ്പോഴും നിറുത്തലാക്കുകയാണ്. വെള്ളം സൗജന്യമായി കൊടുക്കേണ്ടതിനുപകരം ഇപ്പോഴും കൊള്ളലാഭമാണ്. വെള്ളത്തിന് നിർദ്ദേശിച്ച വർദ്ധനവ് നിറുത്തലാക്കുകയും പിൻവലിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, എനിക്ക് നോട്ടീസ് നൽകിയിരുന്നത് കുടിവെള്ളം നൽകുന്നതിനും കണക്ഷൻ നൽകുന്നതിനുമുള്ളതാണ്. ഇപ്പോഴത്തെ വാട്ടർ ചാർജിന്റെ വർദ്ധനവിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത്. ഏതായാലും സന്തോഷം. ഞാൻ ഇതേ ചോദ്യത്തിനുതന്നെ ഇന്നലെ ഉത്തരം പറഞ്ഞതാണ്. വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല. അതിനെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്. പഠിച്ചതിനുശേഷം എന്താണുവേണ്ടതെന്നുവച്ചാൽ അതു ചെയ്യാം.

(11) നാട്ടിക നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ നിർമ്മാണം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, പഴയ മലബാറിന്റെ ഭാഗമായ എന്റെ നിയോജകമണ്ഡലത്തിൽആകെ ഉണ്ടായിരുന്ന ഒരു പി. ഡബ്ല്യു. ഡി റോഡ് ദേശീയരാജപാതയായി, എൻ. എച്ച്.-17 ആയി പ്രഖ്യാപിച്ചു കഴിഞ്ഞ മൂന്നു കൊല്ലമായി എം.എൽ.എ. റോഡായി എഴുതിക്കൊടുത്ത കിഴക്കും പടിഞ്ഞാറും ടിപ്പുസുൽത്താൻ റോഡ് വീതി കിട്ടിയില്ലെന്ന കാരണം പറഞ്ഞുകൊണ്ടാണ് ഏറ്റെടുക്കാൻ പ്രയാസമെന്നു പറഞ്ഞത്. വീതിയുള്ള സ്ഥലം മാറ്റിയെഴുതിക്കൊടുത്തിട്ട് നാലഞ്ചു മാസമായിട്ടും ആ റോഡിനെ സംബന്ധിച്ച് ഒരു ഫൈനൽ ഡിസിഷൻ എടുത്തിട്ടില്ല. ആ നിയോജകമണ്ഡലത്തിനോട് അടിയന്തിരമായി ദയ കാണിച്ച് ആ റോഡുകളും പ്രത്യേകമായി ഏറ്റെടുക്കാൻവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, ആ നിയോജകമണ്ഡലത്തിനോട് വളരെ അനുഭാവപൂർവ്വമായിട്ടാണ് 1983 മുതലേ പെരുമാറിയിട്ടുള്ളത്, അദ്ദേഹം പ്രൊപ്പോസ് ചെയ്ത രണ്ടു റോഡുകളും 1983-ലേതന്നെ ടേക്ക്ഓവർ ചെയ്യാൻ ഗവൺമെന്റ് അനുവാദം നൽകിക്കയ്പമംഗലം-ചേറുവാ ഈസ്റ്റ് ടിപ്പുസുൽത്താൻ, ചാമക്കാല-ചേറുവ വെസ്റ്റ് ടിപ്പുസുൽത്താൻ എന്നീ രണ്ടു റോഡുകളും ഏറ്റെടുക്കാൻ 1983-ൽതന്നെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പക്ഷേ നാട്ടുകാരും പഞ്ചായത്തും സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാകാത്തതാണ് കാരണം. 26 കിലോമീറ്റർ വരുന്ന കയ്പമംഗലം ചേറുവാ ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിന് ഏഴ് കിലോമീറ്ററിനുതാഴെ സ്ഥലംമാത്രമാണ് പഞ്ചായത്തുകാരും നാട്ടുകാരും വിട്ടുകൊടുത്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ആ റോഡ് മാറ്റി കയ്പമംഗലം-ഇടവട്ടം-ഇടത്തുരുത്തി എന്നു പേരുമാറ്റി റോഡ് ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതുപ്രകാരം റോഡിന്റെ പേരുമാറ്റി, ഏറ്റെടുക്കാനുള്ള ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞു. അതുപോലെതന്നെ 24 കിലോമീറ്ററോളം ദൂരംവരുന്ന റോഡിന് രണ്ടരകിലോമീറ്റർ സ്ഥലം മാത്രമേ പി.ഡബ്ല്യു ഡി. നോംസ് പ്രകാരം ലഭ്യമായി.

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളു. അതുകൊണ്ട് ആ റോഡ് അത്രയും ഏറെറടുത്താൽ മതിയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 24 കിലോമീറററിനുപകരം രണ്ടര കിലോമീറർ റോഡ് ഏറെടുത്തുകൊണ്ട് എം. എൽ. എ. റോഡായി അനുവദിച്ച് ഗവൺമെന്റ് ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് റോഡിനും ഗവൺമെന്റ് ഓർഡർ ഇഷ്യു ചെയ്തുകഴിഞ്ഞുവെങ്കിലും കിട്ടുമെന്നു പറഞ്ഞ സ്ഥലവും കിട്ടാതിരിക്കുകയാണെങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ റോഡിന്റെ പണി തുടങ്ങാൻ സാധിക്കുമോയെന്നുള്ള കാര്യം സംശയമാണ്. അതുകൊണ്ട് ആ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടി ശരിയായ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിക്കണം.

(12) പാറക്കുളത്ത് ഒരു കോളേജ് ആരംഭിക്കുന്നതിന് നടപടി

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലമായ തൃത്താല നിയോജകമണ്ഡലത്തിലെ പറക്കുളം എന്ന സ്ഥലത്ത് ഒരു കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടത്തെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിന്നതീതമായി ജാതിമതഭേദമെന്യേ സംഘടിച്ച് ഒരു സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. 1964-ൽ അവിടെയുള്ള ഏതാനും ചില മഹാമനസ്കരായ ആളുകൾ 42 ഏക്കർ സ്ഥലം ഈ പറക്കുളത്ത് കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി എൻ. എസ്. എസ്. നെ ഏൽപ്പിക്കുകയുണ്ടായി. എൻ. എസ്. എസ്. പല പ്രാവശ്യം കോളേജിനുവേണ്ടി അപേക്ഷിച്ചു. നാലു പ്രാവശ്യം കാലിക്കട്ട് യൂണിവേഴ്സിറ്റി ശുപാർശ ചെയ്തു. എന്നിട്ടും ആ കോളേജ് ഇതുവരെ അനുവദിച്ചിട്ടില്ല. തൃത്താല നിയോജകമണ്ഡലത്തിന്റെ പരിസരപ്രദേശങ്ങളിലായി പത്തുപതിനഞ്ചു ഹൈസ്ക്കൂളുകൾ ഉണ്ട്. ആ ഹൈസ്ക്കൂളുകളിൽ പഠിച്ച് പാസ്സായി വരുന്ന വിദ്യാർത്ഥികൾ പട്ടാമ്പി, ഗുരുവായൂർ, തൃശ്ശൂർ, പൊന്നാനി എന്നിങ്ങനെയുള്ള ദൂരസ്ഥലങ്ങളിലുള്ള കോളേജുകളിൽപ്പോയി പഠിക്കുകയാണ്. ചിലർക്ക് കോളേജിൽ പഠിക്കാൻ കഴിയുന്നില്ല. തൃത്താല നിയോജകമണ്ഡലത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്തുകൊണ്ട്, അവിടെ പരിസരപ്രദേശത്തൊന്നും കോളേജില്ലെന്നുള്ള അവസ്ഥ കണക്കിലെടുത്തുകൊണ്ട് അവിടെ ഒരു കോളേജ് അടുത്ത അദ്ധ്യയനവർഷത്തിൽത്തന്നെ ആരംഭിക്കത്തക്കവിധത്തിൽ നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(13) സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് കൊടുക്കേണ്ട പൈസ കൊടുക്കാൻ നടപടി

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ എന്റെ നിയോജകമണ്ഡലത്തിൽ വടകരപ്പാതി പഞ്ചായത്തിൽ കേരാമ്പാറ സോയിൽ കൺസർവേഷൻ ലോക്കൽ കമ്മിറ്റിക്കാരുടെ നിർദ്ദേശമനുസരിച്ച് അവിടെയുള്ള 73 കൃഷിക്കാരെ കൊണ്ട് ജോലി ചെയ്യിപ്പിച്ചു. നിലം നേരെയാക്കിയ ശേഷവും അവർക്ക് പൈസ കൊടുക്കുന്നില്ല. അതുപോലെതന്നെ കള്ളിയാംപാറ എന്ന സ്ഥലത്തുള്ള കൃഷിക്കാർക്കും പൈസ കൊടുത്തിട്ടില്ല. ഓഗസ്റ്റ് മാസത്തിൽ 12 ലക്ഷം രൂപ അനുവദിച്ചു എന്നുപറഞ്ഞു. പക്ഷേ ആ പൈസ കൊടുത്തിട്ടില്ല. ചില കൃഷിക്കാർക്കു മാത്രമാണ് പൈസ കൊടുത്തിരിക്കുന്നത്. അവർ വളരെ കഷ്ടപ്പാട് സഹിച്ചും നഷ്ടം സഹിച്ചുമാണ് അത് ചെയ്തത്. അതുകൊണ്ട് അവർക്ക് കൊടുക്കാനുള്ള പൈസ ഉടനെ കൊടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, പാലക്കാട് ജില്ലയിൽ വടകരപ്പാതി പഞ്ചായത്തിൽ 1985-86-ൽ മണ്ണുസംരക്ഷണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly